ഉത്തരം

(എ) 1994-95 സാമ്പത്തിക വർഷത്തിൽ 69,93,393 രൂപ നൽകിയിട്ടുണ്ട് ;

(ബി) 1994-95 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിലെ വരവ് 1,67,98,375 രൂപയാണ്.

കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ

31. [1812] ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് പഠിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) കയർഫെഡ്, ഫോം മാറ്റിംഗ്സ് കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ എത്ര കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങളാണ് കെട്ടിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു ഹൈലവൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല. താമസിയാതെ ലഭിക്കുമെന്നാണ് പ്രതീക്ഷ.

(സി) കയർഫെഡിൽ 3 കോടി രൂപയുടേയും ഫോം മാറ്റിംഗ്സ് (ഇൻഡ്യ)യിൽ 50 ലക്ഷം രൂപയുടേയും കയർ സഹകരണ സംഘങ്ങൾ ഏകദേശം 2 കോടി രൂപയുടേയും കയറും കയറുൽപ്പന്നങ്ങളും സാധാരണ നിലവിലുള്ള സ്റ്റോക്കിനുപുറമേ കെട്ടിക്കിടക്കുന്നുണ്ട്.

കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം

32. [1813] ശ്രീ. സി. കെ. സദാശിവൻ :
,, വി. കേശവൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയറുൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സംവിധാനം ഇല്ലാതാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ഗുണ നിലവാര പരിശോധനാ സംപ്രദായം ഒഴിവാക്കിയതിനെ തുടർന്ന് ഗുണനിലവാരമില്ലാത്ത കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly